25/11/2021

25/12/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
## പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

## ഹർജി നമ്പർ AP.No.81 (5)/20/SIC
## തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം
## File No. 748/SIC-G7/2020

സന്നിഹിത
ശ്രീമതി ശ്രീലത പി. ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

**ശ്രീ.ആർ.എം.സതീശബാബു,**
**സതീശഭവൻ, പുതുശ്ശേരിമുക്ക് പി.ഒ,**
**കല്ലമ്പലം – 695 605.** } **അപ്പീൽ ഹർജിക്കാരൻ**

Vs

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**ഗവൺമെന്റ് എച്ച്.എച്ച്.എസ്. ഹൈസ്കൂൾ വിഭാഗം,**
**ചെറുന്നിയൂർ, വർക്കല, തിരുവനന്തപുരം.**

2. **അപ്പീൽ അധികാരി,**
**ജില്ലാ വിദ്യാഭ്യാസ ഓഫീസ്,**
**ആറ്റിങ്ങൽ.** } **എതിർകക്ഷികൾ**

| | |
|---|---|
| 6(1) അപേക്ഷ തീയതി | 27.07.2019 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 26.08.2019 |
| ഒന്നാം അപ്പീൽ | 24.09.2019 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 18.11.2019 |
| രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 22.02.2020 |
| ഹിയറിംഗ് തീയതി, സ്ഥലം | 08.09.2021 സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം. |
| എതിർകക്ഷി<br>അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു<br>ഹാജരായിരുന്നില്ല |

## ഉത്തരവ്

08.09.2021 ന് കമ്മീഷന്റെ പരിഗണനയ്ക്ക് വന്ന ഈ അപ്പീൽ ഹർജിയിൽ സമർപ്പിക്കപ്പെട്ട രേഖകളും, ഹർജിക്കാരൻ 26.08.2021 തീയതിയായി സമർപ്പിച്ച മൊഴിയും, എതിർകക്ഷി ഓഡിയോ കോൺഫറൻസ് മുഖേന കമ്മീഷൻ മുമ്പാകെ നൽകിയ വിശദീകരണവും വിശദമായി പരിശോധിച്ച് താഴെ പറയും പ്രകാരം തീർപ്പാക്കുന്നു.

2. ഹർജിക്കാരൻ ആവശ്യപ്പെട്ടത് ചെറുന്നിയൂർ ഗവൺമെന്റ് എച്ച്.എസ്.എസി ലെ എച്ച്.എസ് വിഭാഗത്തിൽ 2019-20 വർഷം സർക്കാരിൽ നിന്നുള്ള സൗജന്യ സ്കൂൾ യൂണിഫോം വിതരണം ചെയ്ത തീയതി, സൗജന്യ യൂണിഫോം വിതരണത്തിനായി അനുവദിച്ച തുക എത്ര, തുക കിട്ടിയ തീയതി, യൂണിഫോം വാങ്ങിയ തീയതി, ചെറുന്നിയൂർ ഗവ.എച്ച്.എസ്.എസിലെ 8-10 സ്റ്റാൻഡേർഡിൽ എത്ര കുട്ടികൾ ഉണ്ട്, അവരിൽ യൂണിഫോം ധരിക്കാതെ സ്ഥിരമായി വരുന്നവർ എത്ര,. സൗജന്യ യൂണിഫോമിന് അർഹത ഉള്ളവർ എത്ര എന്നീ വിവരങ്ങളാണ്.

3. ശ്രീ.ആർ.എം.സതീശബാബുവിന്റെ 09.12.2019 ലെ വിവരാവകാശ അപേക്ഷയ്ക്ക് 18.12.2019 ന് എസ്.പി.ഐ.ഒ മറുപടി നൽകുകയുണ്ടായി. അതിൽ എസ്.പി.ഐ.ഒ. എന്ന് കാണിക്കാതെ എച്ച്.എം. ജി.എച്ച്.എസ് ചെറുന്നിയൂർ എന്നും സീലിൽ ജി.എച്ച്.എസ്.എസ് ചെറുന്നിയൂർ എന്നും കാണിച്ചിരുന്നു. ടി സ്കൂളിൽ എച്ച്.എസ് വിഭാഗത്തിൽ 2019-20 വർഷം സർക്കാരിൽ നിന്നുള്ള സൗജന്യ യൂണിഫോം വിതരണം നടന്നിട്ടില്ലെന്നും അതുകൊണ്ട് ചോദ്യങ്ങൾക്ക് പ്രസക്തിയില്ലെന്നും, സൗജന്യ യൂണിഫോം വിതരണത്തിന് 2019-20 വർഷം 8- 10 ക്ലാസ്സിൽ പഠിക്കുന്ന 76 കുട്ടികൾ അർഹരാണെന്നുമുള്ള മറുപടി നൽകി.

4. 26.12.2019 ന് ഈ മറുപടിയിലെ അപാകത ചൂണ്ടികാട്ടി ഒന്നാം അപ്പീൽ സമർപ്പിച്ചു. അപേക്ഷകൻ ആവശ്യപ്പെട്ടിട്ടുള്ള ചോദ്യം 2, ചോദ്യം 3(ബി) എന്നിവയ്ക്ക് കൃത്യമായി നേരിട്ട് സമയബന്ധിതമായും, സൗജന്യമായും മറുപടി നൽകണമെന്ന് ചെറുന്നിയൂർ ഗവ.ഹയർ സെക്കന്ററി സ്കൂളിലെ എസ്.പി.ഐ.ഒ യ്ക്ക് നിർദ്ദേശം നൽകിക്കൊണ്ട് 03.01.2020 ന് അപ്പീൽ തീർപ്പാക്കി. രണ്ടാം അപ്പീൽ സമർപ്പിക്കേണ്ടതിന്റെ വിവരം ഒന്നാം അപ്പീൽ അധികാരി നൽകിയിട്ടില്ല.

5. അപ്പീൽ ഹർജിയും അനുബന്ധ രേഖകളും ഇതുകക്ഷികളുടെയും മൊഴിയും കമ്മീഷൻ വിശദമായി പരിശോധിച്ചു. അപ്പീൽവാദി ചെറുന്നിയൂർ ഗവ. എച്ച്.എസ്.എസിലെ ഹൈസ്ക്കൂൾ വിഭാഗത്തിലെ എസ്.പി.ഐ.ഒ യ്ക്ക് ആണ്

വിവരാവകാശ അപേക്ഷ നൽകിയത്. സമയബന്ധിതമായി എസ്.പി.ഐ.ഒ മറുപടി നൽകിയിട്ടുണ്ട്. വിവരാവകാശ നിയമത്തിലുള്ള അജ്ഞത എസ്.പി.ഐ.ഒ യ്ക്ക് ഉള്ളതായി കമ്മീഷന് ബോദ്ധ്യപ്പെട്ടു. പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ യുമായി ബന്ധപ്പെട്ടപ്പോൾ 2019-20 വർഷത്തെ യൂണിഫോം എച്ച്.എസ്.എസ് പ്രിൻസിപ്പാലിന്റെ അക്കൗണ്ടിൽ തുക വരികയും യൂണിഫോം തുണി വാങ്ങി കുട്ടികൾക്ക് വിതരണം ചെയ്തതായി അറിഞ്ഞുവെന്നാണ് നിലവിലെ എസ്.പി.ഐ.ഒ അറിയിച്ചിട്ടുള്ളത്. ഇതിൽ നിന്നും മറ്റൊരു അധികാരിയുടെ കൈവശം വിവരം ഉണ്ടെന്ന് അറിയാമായിരുന്നിട്ടും 6(3) പ്രകാരം കൈമാറുകയുണ്ടായില്ലെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. അത്തരത്തിൽ വിവരം നൽകാതിരുന്ന പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ യുടെ നടപടിയിൽ കമ്മീഷൻ അതൃപ്തി രേഖപ്പെടുത്തുന്നു. ഈ സാഹചര്യത്തിൽ ചെറുന്നിയൂർ ഗവൺമെന്റ് എച്ച്.എസ്.എസിൽ നിന്നും വ്യക്തമായ വിവരം ശേഖരിച്ച് ഈ ഉത്തരവ് ലഭിച്ച് 7 ദിവസത്തിനുള്ളിൽ അപ്പീൽ വാദിക്ക് നൽകേണ്ടതും വിവരം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണെന്ന് എസ്.പി.ഐ.ഒ യ്ക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 നവംബർ മാസം 25-ാം തീയതി ഉത്തരവാകുന്നു.

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**
Jn